# കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

Koorachundu village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, കൂരാച്ചുണ്ട് പി ഒ, 673527-പിൻ, കോഴിക്കോട് ജില്ല.

O/o Village panchayat, Koorachundu P. O., 673527-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91 496 2660246, +91 496 2244315 ഇ-മെയിൽ/e-mail: seckdu@gmail.com


***'ഭരണഭാഷ - മാതൃഭാഷ'***

നമ്പർ: എ $_2$.3646/14 തിയ്യതി: 13/05/2015

പ്രേഷകൻ:

സെക്രട്ടറി

ഗ്രാഹകൻ:

ബഹു. പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സാർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ധനകാര്യ-പരിശോധനാ വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ തുടർനടപടികൾ- റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. അങ്ങയുടെ 18/03/2015 തീയ്യതിയിലെ എം2.29978/14 നമ്പ്ര് കത്ത്.
2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ബഹു. പ്രസിഡണ്ട് 18/03/2015 തീയ്യതിയിൽ അയച്ച എ 2.3646/14 നമ്പ്ര് കത്ത്.
3. ബഹു. ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ബഹു. പ്രസിഡണ്ട് 18/03/2015 തീയ്യതിയിൽ അയച്ച എ 2.3646(2)/14 നമ്പ്ര് കത്ത്.

മേൽ സൂചനകളിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. ധനകാര്യ പരിശോധനാറിപ്പോർട്ടിന്റെ (1), (6) ശുപാർശകൾക്ക് മറുപടി സമർപ്പിക്കാനാണ് അങ്ങയുടെ സൂചന (1) കത്തു പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. ആയവയ്ക്ക് താഴെ പ്രസ്താവിക്കുന്ന പ്രകാരം മറുപടി സമർപ്പിച്ചു കൊള്ളുന്നു:-

**ശുപാർശ 1:** *"അമ്പലക്കുന്ന് ആദിവാസി കോളനി ഭവനനിർമ്മാണ പദ്ധതി ചെയർമാൻ ശ്രീ ആൻഡ്രൂസ് കട്ടിക്കാന, മണിച്ചേരിമല കോളനി ഭവനനിർമ്മാണ പദ്ധതി ചെയർമാൻ ശ്രീ ജോസ് എട്ടിയിൽ എന്നിവർക്കെതിരെ ആദിവാസി ചൂഷണത്തിന്റെ പേരിൽ ഉചിതമായ നിയമനടപടി സ്വീകരിക്കേണ്ടതാണ്."* എന്നാണ് നിർദ്ദേശിച്ചിരുന്നത്.

**മറുപടി:** കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടികയിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള ചുമതലകളിൽ സി. മേഖലാടിസ്ഥാനത്തിൽ XV പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്ന ഉപവിഭാഗത്തിൽ താഴെ പറയുന്ന 5 ചുമതലകളാണ് ഗ്രാമപഞ്ചായത്തുകൾക്കുള്ളതായി കാണുന്നത്:

1. എസ് സി പി, ടി എസ് പി ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക,
2. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കു വേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക,
3. പട്ടികജാതി-പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക,
4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നല്കുക,




A constitutional body, established under the provisions of articles 243 to 243O of the Constitution of the Republic of India.

# കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

Koorachundu village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, കൂരാച്ചുണ്ട് പി ഒ, 673527-പിൻ, കോഴിക്കോട് ജില്ല.

O/o Village panchayat, Koorachundu P. O., 673527-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91 496 2660246, +91 496 2244315 ഇ-മെയിൽ/e-mail: seckdu@gmail.com


***'ഭരണഭാഷ - മാതൃഭാഷ'***

5. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നല്കുക.

മേൽ ചുമതലകളല്ലാതെ മറ്റു ചുമതലകളൊന്നും മേൽ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന് നല്കിയിട്ടുള്ളതായി കാണുന്നില്ലെന്ന വിവരം ബോധിപ്പിക്കുന്നു. മാത്രവുമല്ല, ഫയലുകൾ പരിശോധിച്ചതിൽ ബന്ധപ്പെട്ടവർക്കെതിരെ ആദിവാസി ചൂഷണത്തിന്റെ പേരിൽ ഗ്രാമപഞ്ചായത്ത് നിയമനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ലെന്ന വിവരവും ബോധിപ്പിക്കുന്നു.

**ശുപാർശ 6:** *"കാഷ്ബുക്ക് യഥാസമയം എഴുതി പൂർത്തിയാക്കുകയോ വരവുചെലവുകണക്കുകൾ കൃത്യമായി കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്യിട്ടില്ലാത്ത കാഷ്യറോട് വിശദീകരണം ആവശ്യപ്പെടാവുന്നതാണ്."*

**മറുപടി:** ഈ വിഷയം സംബന്ധിച്ച് കാഷ്യറുടെ വിശദീകരണം വാങ്ങുകയും, പ്രസ്തുത വിഷയം പരിഹരിക്കുകയും, ടി. വർഷങ്ങളിലെ ലോക്കൽ ഫണ്ട്, എ. ജി. ഓഡിറ്റുകളെല്ലാം പൂർത്തിയായിട്ടുള്ളതുമാണ്. ആയതു സംബന്ധിച്ച് യാതൊരു പരാമർശങ്ങളും നിലവിലില്ല എന്നും, നിലവിൽ ക്യാഷ് ബുക്ക് യഥാസമയം സാംഖ്യ വഴി കാലാനുസൃതമാക്കി പ്രിന്റെടുത്ത് അധികൃതമാക്കി സൂക്ഷിച്ചു വരുന്നുമുണ്ടെന്ന വിവരവും അങ്ങയുടെ അറിവിലേക്കായി ബോധിപ്പിക്കുന്നു. ധനകാര്യപരിശോധനാ വിഭാഗത്തിന്റെ പരിശോധനാ സമയത്ത് ഈ ഓഫീസിലെ കാഷ്യറായിരുന്ന ഇപ്പോഴത്തെ ജൂനിയർ സൂപ്രണ്ട് ശ്രീ. സജീവൻ ഇ. ജി. സമർപ്പിച്ച വിശദീകരണക്കുറിപ്പിന്റെ പകർപ്പും ഇതൊന്നിച്ച് സമർപ്പിക്കുന്നു.

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ധനകാര്യപരിശോധനാവിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ തുടർനടപടികൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സൂചന (2) പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും, സൂചന (3) പ്രകാരം ബഹു. ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും അനുബന്ധരേഖകൾ സഹിതം അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന വിവരവും അങ്ങയുടെ അറിവിലേക്കായി ബോധിപ്പിക്കുന്നു. ആയവയുടെ പകർപ്പും ഇതൊന്നിച്ച് ഉചിതമായ മേൽനടപടികൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

വിനീത വിധേയൻ,

സെക്രട്ടറി,
കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്.

ഉള്ളടക്കം:

1. സൂചന 2, 3 കത്തുകളുടെയും അനുബന്ധരേഖകളുടെയും പകർപ്പ്.
2. ശ്രീ. സജീവൻ ഇ. ജി. (ജൂനിയർ സൂപ്രണ്ട് )ന്റെ വിശദീകരണക്കുറിപ്പിന്റെ പകർപ്പ്.

പകർപ്പ്:

1. ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.



A constitutional body, established under the provisions of articles 243 to 243O of the Constitution of the Republic of India.